പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.143 30.09.2016 ൽ മറുപടിയ്ക്ക്

## വാഹനങ്ങളുടെ വേഗപരിധി നിശ്ചയിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഹൈവേകളുൾപ്പെടെയുള്ള റോഡുകളുടെ ഉറപ്പും സ്ഥിതിയും വിലയിരുത്തി ഓരോ തരം വാഹനങ്ങൾക്കുമുള്ള വേഗപരിധി കണക്കാക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ)<br>&<br>(ബി) | നിശ്ചയിച്ചിട്ടുണ്ട്. 28.02.2014 തീയതിയിലെ ജി.ഒ.(പി) നം.20/2014/ഗതാ.(എസ്.ആർ.ഒ. നം.192/2014) എന്ന സർക്കാർ വിജ്ഞാപനത്തിലൂടെയാണ് വിവിധ തരം വാഹനങ്ങൾക്ക് റോഡുകളിൽ വേഗതാ പരിധി കണക്കാക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനം അനുസരിച്ച് വിവിധ തരം വാഹനങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപവും, ഗാട്ട് റോഡുകളിലും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങൾ, മുനിസിപ്പൽ ടൗണുകൾ, ബിൽറ്റ് അപ് ഏരിയ എന്നിവിടങ്ങളിലും, ദേശീയപാതയിലും, സംസ്ഥാനപാതയിലും, നാലുവരി പാതയിലും, മറ്റ് പ്രദേശങ്ങളിലും വിവിധ വേഗതകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. വിവിധ തരം വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള മണിക്കൂറിലുള്ള വേഗത താഴെ പറയും വിധമാണ്: |
| (ബി) | ഇല്ലെങ്കിൽ സംസ്ഥാനത്തെ റോഡുകളിൽ സുരക്ഷിത യാത്ര ഉറപ്പുവരുത്താനും അപകടമുണ്ടാകുന്ന സാഹചര്യത്തിൽ നാശനഷ്ടം കുറയ്ക്കാനും വേണ്ടി ഓരോ തരം വാഹനങ്ങളും ഓടിക്കാവുന്ന പരമാവധി വേഗം ശാസ്ത്രീയമായി നിശ്ചയിച്ച് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | <u>മോട്ടോർ കാർ</u><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം --30 കിലോ മീറ്റർ<br>സംസ്ഥാനപാത--80 കിലോ മീറ്റർ<br>ദേശീയപാത --85 കിലോ മീറ്റർ<br>നാലുവരിപാത--90 കിലോ മീറ്റർ<br><u>മോട്ടോർ സൈക്കിൾ</u><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം --30 കിലോ മീറ്റർ<br>സംസ്ഥാനപാത--50 കിലോമീറ്റർ<br>ദേശീയപാത --60 കിലോമീറ്റർ<br>നാലുവരിപാത--70 കിലോമീറ്റർ<br><u>മീഡിയം/ഹെവിപാസ്സഞ്ചർ വാഹനങ്ങൾ</u><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം --30 കിലോ മീറ്റർ<br>സംസ്ഥാനപാത--65 കിലോമീറ്റർ<br>ദേശീയപാത --65 കിലോമീറ്റർ<br>നാലുവരിപാത--70 കിലോമീറ്റർ |
| (സി) | വേഗപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ നല്കാവുന്ന ഇളവുകൾ കൂടി കണക്കിലെടുത്തുള്ള വേഗപരിധിക്കപ്പുറം വേഗതയുള്ള എൻജിനോട്ടുകൂടിയ വാഹനങ്ങൾ സംസ്ഥാനത്തെ റോഡുകളിൽ നിന്ന് ഒഴിവാക്കാൻ അവശ്യവും സാധ്യവുമായ നിയമ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇത്തരത്തിൽ വാഹനങ്ങൾ നിരത്തിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമല്ല. |

സെക്ഷൻ ഓഫീസർ